മരാമത്ത് വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ലോകബാങ്ക് സഹായത്തോടെ 600 കി. മീറ്റർ റോഡ് പുതുക്കിപ്പണിയുന്നതിനും 1000 കിലോമീറ്റർ റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിനുമാണ് കരാർ ആയിട്ടുള്ളത്.

(ബി-എഫ്) എം. സി. റോഡിന്റെ ഉടനീളമുള്ള പുതുക്കിപ്പണി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മൂന്ന് പാക്കേജുകളായിട്ടാണ് ഇത് ചെയ്യുന്നത്. തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ വരെയുള്ള പാക്കേജിന്റെയും മൂവാറ്റുപുഴ മുതൽ അങ്കമാലി വരെയുള്ള പാക്കേജിന്റെയും കോൺട്രാക്റ്റുകൾ നൽകി കഴിഞ്ഞു. ബാക്കി ഭാഗങ്ങൾക്കുള്ള കോൺട്രാക്റ്റ് നടപടികൾ നടന്നുവരികയാണ്. സ്ഥലമെടുപ്പ് നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

റവന്യൂ-വനം ഭൂമിയിൽ വേർതിരിക്കുന്നതിനുള്ള സർവ്വേ

20 (*287) ശ്രീ. കെ. പി. മോഹനൻ :
ശ്രീ. സി. കെ. നാണു :
ഡോ. എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വനംമേഖലയിലെ റവന്യൂ-വനം ഭൂമി വേർതിരിക്കാനുള്ള സർവ്വേ നടത്തി തീരുമാനം പൂർണ്ണമായി നടപ്പാക്കാൻ നടപടി കൈക്കൊണ്ടിട്ടുണ്ടോ ;

(ബി) വനം മേഖലയിൽ വനം ഭൂമിയും റവന്യൂ ഭൂമിയും വേർതിരിക്കാനുള്ള സർവ്വേ ഈ ഗവൺമെന്റ് വന്നതിനുശേഷം ആരംഭിച്ചിട്ടുണ്ടോ ;

(സി) പ്രധാനമായും ഏതെല്ലാം പ്രദേശങ്ങളിലാണ് ഭൂമിയുടെ ഉടമസ്ഥതയെ സംബന്ധിച്ച് വനംവകുപ്പും റവന്യൂ വകുപ്പും തമ്മിൽ തർക്കങ്ങൾ നിലനിൽക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഉണ്ട്. വനം മേഖലയിൽ വനാതിർത്തികൾ വേർതിരിച്ച് അതിർത്തിയിൽ ജണ്ടയിടുന്ന പ്രവർത്തനം അടിയന്തിര പ്രധാന്യം നൽകി നടപ്പിലാക്കിവരികയാണ്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി എത്രയും വേഗം പണി പൂർത്തീകരിക്കുന്നതാണ്.

(ബി) വനം മേഖലയിൽ വനഭൂമിയും റവന്യൂ ഭൂമിയും വേർതിരിക്കാനുള്ള സർവ്വേ ഈ ഗവൺമെന്റ് വന്നതിനുശേഷവും തുടരുകയാണ്. കൂടതൽ പണം ലഭ്യമാക്കി ജോലി പൂർത്തീകരിക്കാൻ ശ്രമിക്കുന്നു.

(സി) തൃശ്ശൂർ സർക്കിളിൽപ്പെടുന്ന തൃശ്ശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിൽ കടങ്ങോട് വില്ലേജിൽ സർവ്വേ നം. 539-ന്റെ ഭാഗമായി കിടക്കുന്ന 14.3 ഹെക്ടർ സ്ഥലത്തെ സംബന്ധിച്ചും, ഒലവക്കോട് സർക്കിളിലെ,

LIBRARY ARCHIVES Kerala Legislative Assembly

പാലക്കാട്, മലപ്പുറം ജില്ലകളിലെ വിവിധ ഭാഗങ്ങളിലും നോർത്തേൺ സർക്കിളിലെ കോഴിക്കോട് ഡിവിഷനിൽ താമരശ്ശേരി റെയ്ഞ്ചിൽ കോടഞ്ചേരി വില്ലേജിലെ സർവ്വേ നം. 15/1-ലെ ഗ്രീഷ്മം റിസ്സോർട്ട്സ് എന്ന സ്ഥാപനത്തിന്റെ ഭൂമിയുമായി ബന്ധപ്പെട്ടും, മൂന്നാർ ഡിവിഷനിൽ മറയൂർ വില്ലേജിൽ സർവ്വേ നം. 277/1 ബ്ലോക്കിൽപ്പെട്ട സ്ഥലം സംബന്ധിച്ചും വനം വകുപ്പും, റവന്യൂ വകുപ്പും തമ്മിൽ ഭൂമിയുടെ ഉടമസ്ഥതയെ സംബന്ധിച്ച് അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ട്.

മരാമത്ത് പണികളുടെ ഗുണനിലവാരം ഉറപ്പാക്കാൻ സംവിധാനം

21 (*288) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ ;

(എ) സംസ്ഥാനത്തെ മരാമത്ത് പണികളുടെ ഗുണനിലവാരം കുറഞ്ഞു വരുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതുസംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഇത്തരം പണികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും ഉറപ്പാക്കുന്നതിനും എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) മരാമത്ത് പണികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

മരാമത്ത് വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില സ്ഥലങ്ങളിൽ നടക്കുന്ന പണികളെക്കുറിച്ച് പരാതികൾ ലഭിച്ചിരുന്നു. അതിനെക്കുറിച്ച് അന്വേഷിക്കുകയും നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

(ബി) പണികളുടെ ഗുണനിലവാരം പണിയുടെ ചാർജ് വഹിക്കുന്ന ഉദ്യോഗസ്ഥൻമാരും ഉയർന്ന ഉദ്യോഗസ്ഥൻമാരും സമയാസമയങ്ങളിൽ പരിശോധന നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്. ഇതിനുപുറമേ ഉയർന്ന ഉദ്യോഗസ്ഥൻമാർ അടങ്ങുന്ന ഒരു ടാസ്ക് ഫോഴ്സിനെ നിയമിക്കുകയും പ്രധാനപ്പെട്ട പണികൾ നടക്കുന്ന സ്ഥലങ്ങളിൽ മുന്നറിയിപ്പ് നൽകാതെ തന്നെ പണിയുടെ ഗുണ നിലവാരത്തെപ്പറ്റി പരിശോധിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ ഫൈനാൻസ് ഇൻസ്പെക്ഷൻ വിഭാഗവും പരിശോധനകൾ നടത്താറുണ്ട്.

(സി) മരാമത്ത് പണികൾക്കായി കരാറുകാരുമായി വയ്ക്കുന്ന ഉടമ്പടിയിൽ ഗുണനിലവാരത്തിന് നിബന്ധനകൾ നിഷ്ക്കർഷിക്കുക, പണികളുടെ നിർമ്മാണ പരിപാലനപരിശീലനത്തിനുമുള്ള മാർഗ്ഗനിർദ്ദേശ

LIBRARY ARCHIVES Kerala Legislative Assembly